# SAMUEL LMS HS PARASSALA

# തരംഗിണി
















# SAMUEL LMS HS PARASSALA












# ആശംസ

എഴുത്ത് ശക്തിയുള്ള ഒരു ആയുധമാണ്. തകർക്കാനും പണിയാനും പുതുക്കാനും ശക്തിപ്പെടുത്താനുമുള്ള ഒരു ആയുധം..... സാമുവൽ എൽ. എം. എസ്.എച്ച്. എസിന്റെ 'തരംഗിണി' എന്ന സാഹിത്യ സംരംഭം രൂപപ്പെടുത്തിയതിൽ വ്യക്തിപരമായ സന്തോഷം രേഖപ്പെടുത്തട്ടെ. പേരിന്റെ അർത്ഥം സൂചിപ്പിക്കുന്നതു പോലെ സ്വച്ഛതയും സുസ്ഥിരതയും പ്രദാനം ചെയ്യാൻ ഈ സംരംഭം മുഖാന്തിരമാകട്ടെ....

ജീവിത വിജയത്തിന് ശരിയായ ഉൾക്കാഴ്ച അനുപേക്ഷണീയമാണ്. വ്യക്തി ജീവിതത്തിൽ ഏവരുടെയും വാക്കിനെയും പ്രവൃത്തിയെയും വിജയത്തെയും പരാജയത്തെയും ഉൾക്കാഴ്ച സ്വാധീനിക്കുന്നു. അതുപോലെ കുഞ്ഞുങ്ങൾ തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സിന്റെ 'തരംഗിണി' എന്ന ഈ കയ്യെഴുത്തു പ്രതിയിലെ എല്ലാ സാഹിത്യങ്ങളും എല്ലാവരിലും ഉൾക്കാഴ്ച ഉണർത്തട്ടെ.

ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

**ഹെലൻഡാനിയേൽ.ആർ.എസ്സ്**
**പ്രഥമാധ്യാപിക.**



# ആശംസ

രസകരവും അതേസമയം ആവേശകരവുമായ ഒന്നാണ് ഈ ഡിജിറ്റൽ ആൽബം . ആധുനീക സാങ്കേതിക വിദ്യ ഉപ യോഗിച്ച് കുട്ടികൾ തയ്യാറാക്കിയ ഈ കലാസൃഷ്ടി ഈ ദേശത്തിനും സ്കൂളിനും മാത്രമല്ല ഇതിലെ ഭാഷ അറിയാവുന്ന എല്ലാവർക്കും പ്രചോദനമാകട്ടെ.....

ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുരുന്നുകൾക്കും ശുഭാപ്തി വിശ്വാസത്തോടും ഉറച്ച കാൽ വയ്പ്പോടും മുന്നോട്ടു പോകാൻ സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് ആശംസകൾ നേരുന്നു.....

**ലെസ്റ്റിൻ രാജ്**

**പി.ടി.എ . പ്രസിഡന്റ്**



# ആശംസ

ആധുനിക ലോകത്തിലെ ടെക്നോളജി വളർന്നു പന്തലിച്ചു നിൽക്കുന്നു. അതിൽ പ്രവർത്തിക്കുന്നതിനും കലാ സൃഷ്ടികൾ പ്രകടമാക്കുന്നതിനും കുട്ടികൾക്ക് സാധിച്ചിരിക്കുന്നു. കാലത്തിന്റെ ചുവരെഴുത്ത് മനസിലാക്കാൻ സഹായിക്കുന്നതാകട്ടെ 'തരംഗിണി' എന്ന കലാസപര്യ ഈ സംരംഭത്തിനു പിന്നിലെ എല്ലാ അദ്ധ്വാനങ്ങളെയും അഭിനന്ദിച്ചു കൊണ്ട് സാമുവേൽ സ്കൂളിന്റെ ആഭിജാത്യവും അന്തസും ഉയർത്തുന്ന മാധ്യമമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ആശംസകൾ അർപ്പിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് എന്ന ഐ.റ്റി കൂട്ടായ്മയുടെ ഭാഗമായി 'തരംഗിണി' എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അഭിമാനമുണ്ട്. വിവരസാങ്കേതിക വിദ്യ അതിവേഗം വളരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിന്റെ തെക്കേയറ്റത്തെ ഗ്രാമമായ പാറശ്ശാലയിലെ സാമുവൽ എൽ.എം.എസ്.എച്ച്.എസിലെ കുരുന്നുകൾക്കും അതിലെ നൂതന വിദ്യകൾ പ്രായോഗികമാക്കുവാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു. വിദ്യാർത്ഥികളുടെ സർഗവാസനയ്ക്കൊപ്പം അവർ നേടിയെടുത്ത കംപ്യൂട്ടർ വിദ്യാഭ്യാസത്തിന്റെയും പ്രത്യക്ഷമായ തെളിവാണ് ഈ പതിപ്പ് എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ഡാറ്റാ എൻട്രി, ഡി.റ്റി.പി, കോറൽ ഡ്രോ, ഫോട്ടോഷോപ്പ്, തുടങ്ങിയ കോഴ്സുകൾ പഠിച്ചവർക്ക് മാത്രം ചെയ്യാൻ കഴിയുന്ന ഈ സംരംഭം നമ്മുടെ കൊച്ചുകുട്ടുകാർക്ക് ചെയ്യാൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ......

ഷീജാ ജാസ്മിൻ
ലിറ്റിൽ കൈറ്റ് മിസ്ട്രസ്



# ആശംസ

വൈദ്യുതിയില്ലാത്ത ലോകത്തെ കുറിച്ച് സങ്കല്പിക്കാൻ പോലും കഴിയില്ല. അതുപോലെ തന്നെയാണ് ഇൻഫർമേഷൻ ടെക്നോളജിയും. ഇന്ന് നമ്മുടെ ജീവിതത്തിലും മറ്റു മേഖലകളിലും ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നായി ഇത് മാറിയിരിക്കുന്നു. പഠന പ്രവർത്തനങ്ങളിലെ ഇതിന്റെ സ്വാധീനം ഏറെയാണ്. ഇതിൻപ്രകാരം കുഞ്ഞുങ്ങൾ തയ്യാറാക്കിയ 'തരംഗിണി' എന്ന ഡിജിറ്റൽ ആൽബം വായിക്കുന്ന ഏവർക്കും ഒരു പുതിയ അനുഭവം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.
ഇതിന്റെ പിന്നിലെ കഠിനാദ്ധ്വാനത്തേയും ത്യാഗസന്നദ്ധതയെയും ഞാൻ അഭിനന്ദിക്കുന്നു.........

ആശംസകളോടെ,

അനിജാ.പി.നായർ

(ലിറ്റിൽ കൈറ്റ് മിസ്ട്രസ് )

## ഉള്ളടക്കം

ആമുഖം........8
എഡിറ്റോറിയൽ ബോർഡ്........9
ലിറ്റിൽ കൈറ്റ്സ് കുടുംബം........10
സുഹൃത്തിന്റെ വാക്ക്........11
വിദ്യാലയം........13
പൂമ്പാറ്റ........14
നമ്മുടെ കേരളം........15
പ്രളയം........21
അമ്മ........23
കുഞ്ഞാറ്റയുടെ മടി........24
തേൻ പൂവ്........25
എബിയുടെ നഗരം........26
എന്തു ഭംഗിയുള്ള........29
പക്ഷി........30
ഗാന്ധി ചരിത്രം........31
കുഞ്ഞൻ പഠിച്ച പാഠം........32
വിദ്യാഭ്യാസം നമ്മുടെ ലക്ഷ്യം........33
IF I CAN STOP ONE HEART FROM BREAKING........35
Puzzle........36
VASCO DA GAMA........38
J.L BAIRD........40
THE PLOUGHMAN........41
THE ELEPHANT........42
അമ്മമനസ്സ്........43
പ്രകൃതി സംരക്ഷണം........44
അക്ഷര മരം........46
കേരള നാട്........47
താറാവ്........48
ആട്ടിടയനും ചെന്നായും........49
എൻ കുമാരനാശാൻ........50
വേർപാട്........51
COUNSELLING CLASS CONDUCTED FOR X STD STUDENTS........53
കാപ്പുകാടിലെ വിസ്മയകാഴ്ചകൾ........54

# ആമുഖം

സാങ്കേതിക വിദ്യയോടുള്ള പുതിയ തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സര്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ കുട്ടികളുടെ 'ഐ ടി ' കൂട്ടായ്മയാണ് 'ലിറ്റിൽ കൈറ്റ്സ് '.

ഞങ്ങളുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സമർപ്പണമാണ് 'തരംഗിണി ' എന്ന ഡിജിറ്റൽ മാഗസിൻ. കഥകൾ,കവിതകൾ,ചിത്രങ്ങൾ,ലേഖനങ്ങൾ,....തുടങ്ങി അനേകം കുട്ടികളുടെ സൃഷ്ടികൾ ഈ മാഗസിന്റെ മുതൽ കൂട്ടാണ്.

ആധുനിക സാങ്കേതിക വിദ്യയിൽ കുട്ടികൾ എത്രമാത്രം നൈപുണികൾ കൈവരിച്ചു എന്നതിന് തെളിവാണ് 'തരംഗിണി ' എന്ന ഡിജിറ്റൽ മാഗസിൻ . ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഞങ്ങളുടെ സ്കൂളിലെ കുരുന്നുകൾക്ക് സർവ ഭാവുകങ്ങളും നേർന്നുകൊണ്ട് .....

ഹെലൻഡാനിയേൽ.ആർ.എസ്സ്<br>
( പ്രഥമാധ്യാപിക.)<br>
ഷീജാ ജാസ്മിൻ<br>
(ലിറ്റിൽ കൈറ്റ് മിസ്ട്രസ്)<br>
അനിജാ.പി.നായർ<br>
(ലിറ്റിൽ കൈറ്റ് മിസ്ട്രസ് )

# എഡിറ്റോറിയൽ ബോർഡ്



# ലിറ്റിൽ കൈറ്റ്സ് കുടുംബം



## സുഹൃത്തിന്റെ വാക്ക്




ഒരു കാട്ടിൽ മൂന്ന് സുഹൃത്തുക്കൾ ഉണ്ടായിരുന്നു . ഒരാൾ സിംഹക്കുട്ടിയും , വേറൊരാൾ മാൻക്കുട്ടിയും, മറ്റൊരാൾ എലിക്കുഞ്ഞുമായിരുന്നു.ഇതിൽ ഏറ്റവും പാവത്താനായിരുന്നു മാൻക്കുട്ടി. ആരു എന്തു സഹായം ചോദിച്ചാലും ചെയ്തുകൊടുക്കുന്ന മനോഭമാണവന്റേത്. കാട്ടിലൂടെ ച്യറ്റിനടന്നു സഹായം ആവശ്യമുള്ളവരെ വേണ്ടവിധത്തിൽ സഹായിക്കുക എന്ന പ്രവർത്തിയാണ് ഇവൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടത്.

അതിനാൽ അപ്രകാരം തന്നെ അവർ ചെയ്യുകയും ചെയ്തു. ആ കാട്ടിൽ മടിയനായ ഒരു ആനക്കുട്ടിയുണ്ടായിരുന്നു. കാട്ടിലുള്ള മറ്റു മൃഗങ്ങളോടൊപ്പം ആനകുട്ടിയുടെ മാതാപിതാക്കളും മാൻ കുട്ടിയെയും കൂട്ടുകാരെയും ആശംസിക്കാൻ തുടങ്ങി. "മടിയനായിരിക്കാതെ അവരെ പോലെ മറ്റുള്ളവർക്കു സഹായം ചെയ്തുകൊടുക്ക്'" എന്നു അവന്റെ മാതാപിതാക്കൾ പറഞ്ഞു.അവന് മാൻ കുട്ടിയോട് അസൂയ തോന്നി.മാൻ കുട്ടി കാരണം തനിക്കു അപമാണെന്നു അവൻകരുതി.അവനൊരു ഉപായം തോന്നി.അവൻ മാൻകുട്ടിയെ അപായപ്പെടുത്താൻ തീരുമാനിച്ചു.

ആനക്കുട്ടി ഒരു കുറുക്കച്ചന്റെ സഹായം തേടി.കുറുക്കൻ മാൻകുട്ടിയെ തക്കം നോക്കി ഓട്ടിച്ചു പിടിക്കാൻ നോക്കി.എന്നാൽ,മാൻകുട്ടി ഒരു വിധത്തിൽ രക്ഷപ്പെട്ടു.ഈ കാര്യം മാൻകുട്ടിയുടെ കൂട്ടുകാർ അറിഞ്ഞു. കുറുക്കച്ചൻ മാൻകുട്ടിയെ ഓട്ടിത് ചതിനു പിന്നിലെ രഹസ്യം അവർ കണ്ടെത്തി.ഇതിനു പിന്നിൽ പ്രവർത്തിച്ചതു ആനക്കുട്ടിയാണെന്ന് അവർ മനസ്സിലാക്കി.ഒരു ദിവസം കാട്ടിൽ ചുറ്റി നടന്നപ്പോഴാണ് ആ കാഴ്ച കണ്ടത്.കാട്ടിൽ വന്ന വേട്ടക്കാരുടെ വലയിൽ

ആനക്കുട്ടി വിഴുന്നിരിക്കുന്നു.അവരെ കണ്ടപ്പോൾ ആനക്കുട്ടി അപേക്ഷിക്കാൻ തുടങ്ങി.സിംഹകുട്ടിയും എലി കുഞ്ഞും നീ മാൻകുട്ടിയെ അപായപ്പെടുത്താൻ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് നിനക്ക് ഇതു സംഭവിച്ചത് എന്ന് അവർ പറഞ്ഞു.നിന്നെ സഹായിക്കേണ്ട ഒരു കാര്യവുമില്ല എന്ന് സിംഹകുട്ടി പറഞ്ഞു.പാവത്താനായ മാനിനു അവനെ സഹായിക്കണമെന്നു തോന്നി.

അവൻ എലിക്കുഞ്ഞിനോട് ആനക്കുട്ടിയെ രക്ഷിക്കാൻ ആവശ്യപ്പെട്ടു.ആദ്യം അവൻ സമ്മതിച്ചില്ല.പിന്നീട് സുഹൃത്താണല്ലോ തന്നോട് ആവശ്യപ്പെട്ടതു എന്നു കരുതി അവൻ ആനകുട്ടിയെ വല കടിച്ചു പൊട്ടിച്ചു രക്ഷിച്ചു.നീ ഇവനെ അപായപ്പെടുസൂര്യത്താൻ ശ്രമിച്ചിട്ടും ഇവൻ നിന്നെ അപകടാവസ്ഥയിൽ നിന്നു രക്ഷപ്പെടുത്തി. ഇപ്പോഴെങ്കിലും ഇവനെ നീ മനസ്സിലാക്കണം.ആനകുട്ടി തന്റെ തെറ്റ് മനസ്സിലാക്കി ആനകുട്ടിയോട് ക്ഷമ പറഞ്ഞു. പിന്നീട്,ആനകുട്ടി അവരുടെ സുഹൃത്തായി മാറി.

സൂര്യ 9.A



## വിദ്യാലയം

എനിക്കൊരു വിദ്യാലയമുണ്ട്
അത് അറിവ് പകരുന്ന വിദ്യാലയം
വിവേകം എന്ന നേട്ടം കൊണ്ട്
ജ്ഞാനം സമ്പാദികും വിദ്യാലയം

അമ്മയെപോലെ അധ്യാപകരും
കൂടെപിറപ്പിനെ പോലെ കൂട്ടുക്കാരും
കുടട്ടുംബക്കാരനെ പോലെ സഹപാഠികളും
നല്ലപാഠങ്ങൾ ചൊല്ലിതരും ഗുരുക്കന്മാരും

അനുസരണ മുതൽ അച്ചടക്കംവരെ
പഠിപ്പിക്കുന്ന വിദ്യാലയം
ആപത്തിലായവനെ സഹായിക്കുവാൻ
നല്ല മനസ്സ് പകരുന്ന വിദ്യാലയം

ഹന്ന.ആർ.വി
9.A

## പൂമ്പാറ്റ

എന്തൊരു ഭംഗി പൂമ്പാറ്റേ ...
പൂവിലിരിക്കും പൂമ്പാറ്റേ.....
തേനു കുടിക്കും പൂമ്പാറ്റേ....
നിനക്ക് എന്തൊരു ഭംഗി പൂമ്പാറ്റേ....
എന്തൊരു ചന്തം പൂമ്പാറ്റേ....
നിന്നഴകു ഒന്നു കണ്ടോട്ടേ....

ഐ.ബെനിഷ
5



# നമ്മുടെ കേരളം



കൂട്ടുകാരേ,

നമ്മുടെ സംസ്ഥാനമാണ് കേരളം. 1956 നവംബർ 1 നാണ് കേരള സംസ്ഥാനം നിലവിൽ വന്നത്. മാതൃഭാഷ മലയാളമാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിൽ ആകെ 44 നദികളാണുള്ളത്. കേരളത്തിന്റെ ഔദ്യോഗിക പുഷ്പം കണിക്കൊന്നയും, ഔദ്യോഗിക മൃഗം ആനയും, ഔദ്യോഗിക പക്ഷി വേഴാമ്പലും,ഔദ്യോഗിക വൃക്ഷം തെങ്ങും,ഔദ്യോഗിക ഫലം ചക്കയുമാണ്. കേര വൃക്ഷങ്ങൾ നിറഞ്ഞ ഒരു തീരദേശമാണ് കേരളം. ഇനി നമുക്ക് കേരളത്തിന്റെ 14 ജില്ലകളെ പരിചയപ്പെടാം.

## തിരുവനന്തപുരം

കേരള സംസ്ഥാനത്തിന്റെ തലസ്ഥാനമാണ് തിരുവനന്തപുരം.ഏറ്റവും തെക്കേയറ്റത്തെ ജില്ലയാണിത്. 1949 ജൂലൈ 1 നാണ് തിരുവനന്തപുരം നിലവിൽ വന്നത്.14 നിയമസഭ മണ്ഡലങ്ങൾ തലസ്ഥാനത്തുണ്ട്. ഏറ്റവും വലിയ കോർപ്പറേഷൻ തിരുവനന്തപുരമാണ്. ഏറ്റവും കൂടുതൽ നഗരവാസികൾ ഈ ജില്ലയിലാണ്. 1991 ജനുവരി 1-ന് തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമാക്കി.ഏറ്റവും കൂടുതൽ മരിച്ചീനി ഉത്പാദിപ്പിക്കുന്ന ജില്ലയാണിത്.കേരള റെയിൽവേ ഡിവിഷനുകളിൽ ഒന്നാണ് തിരുവനന്തപുരം.

## കൊല്ലം

1949 ജൂലൈ 1-നാണ് കൊല്ലം ജില്ല നിലവിൽ വന്നത്. 11 നിയമസഭാ മണ്ഡലങ്ങൾ ഈ ജില്ലയിലുണ്ട്.ടൂറിസ്റ്റ് കേന്ദ്രമായ ജഡായുപാറ സ്ഥിതി ചെയ്യുന്നത് ഈ ജില്ലയിലാണ്.കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേന്റെ ആസ്ഥാനമാണ് ഈ ജില്ല.പാലരുവി കൊല്ലം ജില്ലയിലാണ്.കല്ലട ജലസേജന പദ്ധതിയും കൊല്ലം ജില്ലയിലാണ്.

## പത്തനംതിട്ട

1982 നവംബർ 1-നാണ് പത്തനംതിട്ട ജില്ല നിലവിൽ വന്നത്.5 നിയമസഭാ മണ്ഡലങ്ങൾ ഈ ജില്ലയിലുണ്ട്. ലോഹക്കണ്ണാടി നിർമ്മാണത്തിനു പ്രസിദ്ധമായ ആറന്മുള ഈ ജില്ലയിലാണ്. ഹിന്ദുക്കളുടെ പുണ്യസ്ഥലമായ ശബരിമല സ്ഥിതി ചെയ്യുന്നത് ഈ ജില്ലയിലാണ്

## ആലപ്പുഴ

1957 ഓഗസ്റ്റ് 17-ന് ആലപ്പുഴ ജില്ല നിലവിൽ വന്നത്. 9 നിയമസഭാമണ്ഡലങ്ങളാണ് ഈ ജില്ലയിലുള്ളത്. കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയാണിത്.വനപ്രദേശ ങ്ങളില്ലാത്ത ജില്ലയാണ് ആലപ്പുഴ.കിഴക്കിന്റെ വെന്നീസ് എന്നറിയപ്പെടുന്ന ജില്ല ഇതാണ്.വള്ളംകളി,കായൽപരപ്പിലെ ഒഴിവുകാല ഹൗസ്ബോട്ട്,സവാരികൾ,ബീച്ചുകൾ ,സമുദ്രോപതങ്ങൾ,കയർ വ്യവസായം എന്നിവയുടെ പേരിൽ ആലപ്പുഴയ്ക്ക് സവിശേഷ പ്രാധാന്യമുണ്ട്.

## കോട്ടയം

1949 ജൂലൈ 1-നാണ് കോട്ടയം ജില്ല നിലവിൽ വന്നത്. 9 നിയമസഭാമണ്ഡലങ്ങളാണ് ഈ ജില്ലയിലുള്ളത്.ആദ്യ സമ്പൂർണ്ണ സാക്ഷരതനഗരമാണിത്.കേരളത്തിലെ ജില്ലകളുമായി മാത്രം പങ്കിടുന്ന കേരളത്തിലെ ഏക ജില്ലയാണിത്.കേരള ന്യൂ പ്രിന്റ് ഓഫീസ് സ്ഥിതി ചെയ്യുന്നത് ഈ ജില്ലയിലാണ്.

## ഇടുക്കി

1972 ജനുവരി 26-ന് ഇടുക്കി ജില്ല നിലവിൽ വന്നു.5 നിയമസഭാമണ്ഡലങ്ങളാണ് ഈ ജില്ലയിലുള്ളത്.കൂടുതൽ വനമുള്ള ജില്ലയാണിത്.12 വർഷങ്ങളിൽ ഒരിക്കൽ മാത്രം പൂക്കുന്ന നീലകുറുഞ്ഞിയുള്ളത് ഈ ജില്ലയിലെ മൂന്നാറിലാണ്. പുൽമേടുകൾ കൂടുതൽ കാണപ്പെടുന്നത് ഈ ജില്ലയിലാണ്. കേരളത്തിലെ പൊക്കം കൂടിയ കൊടുമുടിയായ ആനമുടി ഈ ജില്ലയിലാണ്.

## എറണാകുളം

1958 ഏപ്രിൽ 1-ന് ഈ ജില്ല നിലവിൽ വന്നു. 14 നിയമസഭമണ്ഡലങ്ങൾ ഈ ജില്ലയിൽ ഉണ്ട്. അറബികടലിന്റെ റാണിയായ കൊച്ചി ഈ ജില്ലയിലാണ്. പ്രകൃതിദത്ത തുറമുഖമാണ് ഈ ജില്ലയിലുള്ളത്. ബോർ ഗാട്ടി കൊട്ടാരം സ്ഥിതി ചെയ്യുന്നത് ഈ ജില്ലയിലാണ്.

## തൃശ്ശൂർ

1949 ജൂലൈ 1-നാണ് തൃശ്ശൂർ ജില്ല നിലവിൽ വന്നത്. 14 നിയമസഭ മണ്ഡലങ്ങൾ ഈ ജില്ലയിലുണ്ട്. കേരള സംഗീത നാടക അക്കാദമി ഈ ജില്ലയിലാണ്. കാർഷിക സർവ്വകലാശാലയുടെ ആസ്ഥാനമായ മണ്ണുത്തി ഈ ജില്ലയിലാണ്. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമാണ് ഈ ജില്ല. കേരളത്തിലെ പ്രശസ്ത ആഘോഷമായ തൃശ്ശൂർ പൂരം ഈ ജില്ലയിലാണ് നടക്കുന്നത്.

## പാലക്കാട്

1957 ജനുവരി 1-നാണ് പാലക്കാട് ജില്ല നിലവിൽ വന്നത്. 13 നിയമസഭ മണ്ഡലങ്ങളാണ് ഈ ജില്ലയിലുള്ളത്. കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. കേരളത്തിൽ റെയിൽവേ ഡിവിഷനുകളിൽ ഒന്നാണ് പാലക്കാട്. ഭാരത പുഴയുടെ തീരത്തായ കുത്താമ്പുള്ളി നെയ്ത്തു ഗ്രാമം പാലക്കാട് ജില്ലയുടെ അതിർത്തിയിലാണ്. കേരളത്തിലെ പ്രശസ്തമായ സൈലന്റ് വാലി നേഷണൽ പാർക്ക് സ്ഥിതി ചെയ്യുന്ന ജില്ലയാണിത്. കേരളത്തിൽ ഏറ്റവും കൂടുതൽ നിലകടല ഉത്പാദിപ്പിക്കുന്ന ജില്ലയാണിത്.

## മലപ്പുറം

1969 ജൂൺ 16-നാണ് മലപ്പുറം ജില്ല നിലവിൽ വന്നത്. 16 നിയമസഭ മണ്ഡലങ്ങളാണ് ഈ ജില്ലയിലുള്ളത്.ഈ ജില്ലയിലാണ് മലയാള ഗവേഷണ കേന്ദ്രം ഉള്ളത്. ജനസംഖ്യ കൂടുതലുള്ള ജില്ലയാണിത്.ആദ്യമായി അക്ഷയ കമ്പ്യൂട്ടർ പദ്ധതി ആരംഭിച്ചത് ഈ ജില്ലയിലാണ്. പ്രശസ്ത തുറമുഖമായ പൊന്നാനി ഈ ജില്ലയിലാണ്.ആദ്യ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് മലപ്പുറം ജില്ലയിലാണ്

## കോഴിക്കോട്

1957 ജനവരി 1-ാം തീയതിയാണ് കോഴിക്കോട് ജില്ല നിലവിൽ വന്നത്. 13 നിയമസഭ മണ്ഡലങ്ങളാണ് ഈ ജില്ലയിലുള്ളത്. ഏറ്റവും കൂടുതൽ തെങ്ങ് കൃഷിയുള്ള ജില്ലയാണ് ഇത്. കേരളത്തിലെ ആദ്യ മാലിന്യ വിമുക്ത നഗരമാണ് ഇത്. വാസ്കോഡ ഗാമ ആദ്യം കപ്പലിറങ്ങിയത് കോഴിക്കോട് ജില്ലയിലെ കടൽ തീരത്താണ്.

## വയനാട്

1980 നവംബർ 19-ന് വയനാട് ജില്ല നിലവിൽ വന്നു. 3 നിയമസഭ മണ്ഡലങ്ങളാണ് ഈ ജില്ലയിലുള്ളത്. നഗരവാസികൾ കുറഞ്ഞ ജില്ലയാണിത്. ഏറ്റവും ഉയർന്ന പ്രദേശമായ ചെമ്പ്രക്കൊടുമുടി ഈ ജില്ലയിലാണ്.

## കണ്ണൂർ

1957 ജനുവരി 1-നാണ് കണ്ണൂർ ജില്ല നിലവിൽ വന്നത്. 11 നിയമസഭ മണ്ഡലങ്ങൾ ഈ ജില്ലയിലുണ്ട്. തെയ്യങ്ങളുടെ നാട് എന്നാണ് ഈ ജില്ല അറിയപ്പെടുന്നത്. കൂടുതൽ കടൽ തീരമുള്ള ജില്ലയാണിത്.

## കാസർകോട്

1984 മെയ് 24-ന് ഈ ജില്ല നിലവിൽ വന്ന 5 നിയമസഭ മണ്ഡലങ്ങൾ ഈ ജില്ലയിലുണ്ട്. കേരളത്തിന്റെ വടക്കേയറ്റത്തുള്ള കാസർകോട് ദൈവങ്ങളുടെയും കോട്ടകളുടെയും നദികളുടെയും കുന്നുകളുടെയും മനോഹരമായ കടൽ തീരങ്ങളുടെയും നാടാണ്. ഏറ്റവും അവസാനം രൂപംകൊണ്ട ജില്ലയാണിത്

9A

# പ്രളയം



പ്രതീക്ഷിക്കാത്ത ഒരു വരവായിരുന്നു ആ പ്രളയം. ചരിത്രത്തിലെ മറക്കാനാവാത്ത സംഭവം. വസ്തുക്കളും വീടുകളും വസ്ത്രങ്ങളും സർവ്വസാധനങ്ങളും നഷ്ടപ്പെട്ടു. പലരും മരണമടഞ്ഞു. അവരുടെ മൃഗങ്ങളും പക്ഷികളും എല്ലാം ചത്തൊടുങ്ങി. രക്ഷാപ്രവർത്തനം ഉടൻ തന്നെ ആരംഭിച്ചു. രക്ഷാപ്രവർത്തകർ അപകടത്തിൽപ്പെട്ടവരെ രക്ഷിച്ചു.

രക്ഷാ പ്രവർത്തനത്തിന് കൂടുതൽ കൈത്താങ്ങായത് മത്സ്യതൊഴിലാളികളായിരുന്നു. അവരുടെ ബോട്ടുകൾ ഉപയോഗിച്ച് രക്ഷാപ്രവർത്തനം നടത്തി. അതുകാരണം ലക്ഷക്കണക്കിന് ആളുകൾ രക്ഷപ്പെട്ടു. അധികംപേരും ദുരിതാശ്വാസ ക്യാമ്പുകളിൽ പാർത്തു. സ്കൂളുകളാണ് ദുരിതാശ്വാസ ക്യാമ്പുകളായി മാറിയത്. മത്സ്യബോട്ടുകൾ മാത്രമല്ല, ഹെലിക്കോപ്ടറുകളും രക്ഷാപ്രവർത്തനത്തിന് ഏർപ്പെട്ടു.

ആയതുകൊണ്ട് അധികംപേരുടെയും ജീവൻ രക്ഷിക്കുവാൻ കഴിഞ്ഞു. വീടുകളിൽ നിന്നും വെള്ളം ഇറങ്ങിയതിനു ശേഷം ആളുകൾ വീട്ടിലേക്കു പോകാൻ തു ടങ്ങി. പക്ഷേ അവർ വീട്ടിലേക്കു പ്രവേശിച്ചത് ഭയത്തോടെ ആയിരുന്നു. കാരണം പ്രളയം അവർക്ക് ബാക്കിവച്ചത് വിഷപാമ്പുകളും മറ്റു ജന്തുക്കളുമാണ്. കൂടാതെ എലിപ്പനി,ഡെന്ക്കിപ്പനി,ത്വക്ക് രോഗങ്ങള് തുടങ്ങിയ പകർച്ചപ്പനികളും ആ സ്ഥലങ്ങളിൽ ഉണ്ടായി.

ഈ പ്രളയത്തിനും മനുഷ്യൻ തന്നെയാണ് കാരണം. മനുഷ്യൻ പ്രകൃതിയോട് ചെയ്ത ക്രൂരത വളരെ വലുതാണ്. അതുകൊണ്ട് അവർ തന്നെ അത് അനുഭവിക്കേണ്ടി വന്നു. പ്രകൃതിയോട് നാം നൻമ ചെയ്താൽ പ്രകൃതി നമുക്ക് നൻമ മാത്രമല്ല, അധിക സന്തോഷവും നൽകും

ഹന്ന ആർ വി
9A

തരംഗിണി


KeralaFloods


KERALA FLOODS 2018




gettyimages














gettyimages





## അമ്മ



നക്ഷത്രത്തേക്കാളേറെ പ്രഭയുള്ള
സൂര്യനേകാളേറെ തേജസുള്ള
ചന്ദ്രനേക്കാളേറേ ശോഭയുള്ള
നന്മയുള്ള സ്േനഹമുള്ള അമ്മ
തേനിനേക്കാൽ മധുരമായി
പാലിന്റെ അമൃതമായി
ജീവന്റെ ഉയിരായി
ജീവനിൽ വാഴുന്ന അമ്മ
മഴയുടെ താളം പോലെ
ജീവന്റെ സ്വരമായി
മന്ത്രനാദമായി
പെയ്തിറങ്ങുന്ന അമ്മ

സ്നേഹമോൾ.ഡി.വി
9A

# കുഞ്ഞാറ്റയുടെ മടി

ഒരു ഗ്രാമത്തിൽ പഞ്ചപാവവും കുസൃതിയുമായ കുഞ്ഞാറ്റയെന്ന് പറയുന്ന ഒരു കുട്ടിയുണ്ടായിരുന്നു. അവൾക്ക് കൂട്ടുകാരോടൊത്ത് കളിക്കാൻ വളരെ ഇഷ്ടമാണ് ഒരു ദിവസം കുഞ്ഞാറ്റ നേരത്തെ ഉണർന്നു അപ്പോൾ കുഞ്ഞാറ്റയ്ക്ക് സ്കൂളിൽ പോകാൻ മടി തോന്നി. കുഞ്ഞാറ്റ സ്കൂളിൽ പോകേണ്ടതിന് പകരം അവൾ അവളുടെ കൂട്ടുകാരുടെയടുത്തു പോയി. ആദ്യം ജിമ്മിയെന്ന് പറയുന്ന പട്ടിക്കുട്ടിയുടെ അടുത്ത് പോയി. എന്നിട്ട് അവൾ ചോദിച്ചു,കൂട്ടുകാരേ എന്നോട് കളിക്കാൻ വരുമോ എനിക്ക് സാധിക്കില്ല എന്റെ യജമാനന്റെ വീടു കാക്കണം. ഇതു പോലെ തന്നെ മറ്റു കൂട്ടുക്കാരും ജോലി തിരക്കിലായിരുന്നു.പാവം കുഞ്ഞാറ്റ ആരും കളിക്കാൻ കൂട്ടില്ലാത്തതുകൊണ്ട് അവൾ സ്കൂളിലേക്ക് തന്നെ പോയി.

ഗുണപാഠം :ഒന്നുമില്ലായെങ്കിൽ പുസ്തകം തുറക്കു വായിക്കു അത് നമുക്ക് അറിവ് പകരും.

അഞ്ചിത എസ്.എസ്

7 B

## തേൻ പൂവ്

പൂവേ പൂവേ
തേൻ പൂവേ
ഞാനും നീയും കൂട്ടല്ലേ
എന്നെക്കൂടി പൂക്കളമാക്കി
നിന്നുടെ അരികിലിരുത്താമോ
പൂവേ പൂവേ
തേൻ പൂവേ
നിന്നെ കാണാൻ
എന്തൊരു ചന്തം
നിന്നുടെ  അരികിലിരിക്കാൻ എന്തുരസം

പൂവേ പൂവേ
തേൻ പൂവേ
ഞാനും നീയും കൂട്ടല്ലേ
നീയണ്ടെങ്കിൽ ഞാനില്ല

പൂവേ പൂവേ
തേൻ പൂവേ
വാടല്ലേ കൊഴിയല്ലേ

**വർഷ.ആർ.എസ്**
7A

## എബിയുടെ നഗരം

ഒരു വലിയ ഗ്രാമം. ആ ഗ്രാമത്തിൽ അനേകം സുന്ദരമായ പുഴകൾ, കുന്നുകൾ, വയലുകൾ. ആ ഗ്രാമത്തിന്റെ അഭിമാനമായിരുന്നുകൃഷി.എല്ലാവരുടെയും വീട്ടിലും കൃഷിയുണ്ടായിരുന്നു. ആ ഗ്രാമത്തിന്റെ പേര് അനന്തപുരം ഗ്രാമം എന്നായിരുന്നു. അനന്തപുരം ഗ്രാമത്തിന്റെ അടുത്തായി വലിയൊരു പട്ടണമുണ്ടായിരുന്നു. ആ പട്ടണത്തിന്റെ അഭിമാനമായിരുന്ന സ്കൂൾ അവിടെ നിലനിന്നിരുന്നു. ആ സ്കൂളിൽ ഒരു കുട്ടിയുണ്ടായിരുന്നു. അവന്റെ പേര് എബി. അവന് കൃഷിയോട് വളരെ താൽപര്യം ഉണ്ടായിരുന്നു. കൂടാതെ തന്റെ നഗരം ഒരു ഗ്രാമമായി മാറണമെന്ന് അവൻ ആഗ്രഹിച്ചു.

ഒരിക്കൽ അവൻ തന്റെ മനസ്സിൽ വന്ന സംശയം തീർക്കുവാൻ ടീച്ചറിന്റെയടുത്ത് ചെന്നു ചോദിച്ചു."നഗരത്തിൽ ക്യാൻസർ എന്ന മാരകമായ രോഗം പടരുവാൻ കാരണം എന്താ?" അവന്റെ ചോദ്യം കേട്ട് ടീച്ചർ പറഞ്ഞു. "നാം നമ്മുടെ അടുത്ത ഗ്രാമം നോക്കു...നീ അവിടെ ശ്രദ്ധിച്ചിട്ടുണ്ടോ? അവിടെ ഒരു മാരകമായ രോഗവും ഇല്ല. കാരണം അവർ തന്നെ കൃഷി ചെയ്തു കിട്ടുന്ന പച്ചക്കറികളാണ് അവർ ഉപയോഗിക്കുന്നത്. എന്നാൽ, നഗരത്തിൽ ആരും തന്നെ കൃഷി ചെയ്യുന്നില്ല.

കടകളിൽ വരുന്ന പച്ചക്കറികൾ കേടു കൂടാതെയിരിക്കുവാൻ രാസവസ്തുക്കൾ ഉപയോഗിക്കുന്നു. ഇതിന്റെ ഉപയോഗം കൊണ്ടാണ് നഗരത്തിൽ ക്യാൻസർ രോഗികൾ വർദ്ധിക്കുന്നത്." ഇതു കേട്ട് എബി ടീച്ചറോട് ചോദിച്ചു , "ഇതു തടയുവാൻ നാം എന്തു ചെയ്യണം? "

ടീച്ചർ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു ,"ഇതു തടയുവാൻ നാം അനന്തപുരം ഗ്രാമത്തെ പോലെ കൃഷി ചെയ്യണം."

ഇതിലൂടെ തന്റെ നഗരം ഗ്രാമമായി മാറണം എന്ന ആഗ്രഹം പൂർത്തീകരിക്കാൻ പറ്റും എന്ന് എബിക്കു തോന്നി.അന്ന് നടന്ന കാര്യം എല്ലാം എബി വീട്ടിൽ ചെന്ന് അമ്മയോട് പറയുവാൻ തുടങ്ങി. പെട്ടെന്ന് അവനു ഒരു ചിന്ത വന്നു......നഗരം ഗ്രാമമായി മാറണം...... കൃഷിയെക്കുറിച്ച് പഠിക്കണമെന്ന് അമ്മയോട് ആവശ്യപ്പെട്ടു.

എബി തന്റെ അവധികാലത്തിനായി കാത്തിരുന്നു.നാളുകൾ കഴിഞ്ഞു.അവധിക്കാലം വന്നു. അമ്മയോടൊത്ത് അവൻ അനന്തപുരത്തുള്ള തന്റെ മുത്തശ്ശിയുടെ വീട്ടിൽ ചെന്നു. ആ ഗ്രാമത്തെ പറ്റി അവൻ എല്ലാം പഠിച്ചു. ആവശ്യമായത് അവിടെ തന്നെയാണ് കൃഷി ചെയ്യുന്നത് എന്ന് അവന് മനസ്സിലായി. കൃഷിയെക്കുറിച്ച് ധാരാളം പഠിച്ചു. അങ്ങനെ അവധിക്കാലം കഴിഞ്ഞു. അവൻ നഗരത്തിലേക്ക് മടങ്ങി പോയി.

സുഹൃത്തുക്കൾക്ക് ആ ഗ്രാമത്തെക്കുറിച്ചും കൃഷിയെ ക്കുറിച്ചും പറഞ്ഞു. എല്ലാവർക്കും അതിനോടു താത്പര്യം തോന്നി. അവർ ഒരുമിച്ചു സ്കൂളിൽ കൃഷി ആരംഭിച്ചു. ഇതു കണ്ട് നഗരത്തിലെ ആളുകൾ ചെറിയ സ്ഥലങ്ങളിലും ടെറസ്സിന്റെ മുകളിലുമായി കൃഷി ചെയ്തു. അങ്ങനെ ആ നഗരത്തിൽ കൃഷി ഒരു പ്രധാന തൊഴിലായി മാറി. ഇത് അറിഞ്ഞ് അനന്തപുരം ഗ്രാമം അഭിമാനം പൂണ്ടു. അങ്ങനെ ആ നഗരം സ്വന്തം നഗരത്തിനു ആവശ്യമായ പച്ചക്കറി കൃഷി ചെയ്യുവാൻ തുടങ്ങി.

സന്ദേശം:എല്ലാവരും ഒരേ മനസ്സോടെ കൃഷി ചെയ്താൽ ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കും.

അനിറ്റ ജോസ് 8 A

## എന്തു ഭംഗിയുള്ള റോസാപ്പൂവ്

എന്തു ഭംഗിയുള്ള റോസാപ്പൂവ്
എത്ര നിറമുള്ള റോസാപ്പൂവ്
എൻെറ വീട്ടിന്റെ മുറ്റത്ത-
വർണ്ണം നിറയ്ക്കും റോസാപ്പൂവ്
മഴവില്ലിന്റെ ചന്തമുള്ള റോസാപ്പൂവ്
എന്തു ഭംഗിയുള്ള റോസാപ്പൂവ്.....

അഞ്ചിത.എസ്.എസ്
7B

## പക്ഷി

പാട്ടു പാടും പക്ഷിയേ
നിന്റെ അഴകു എന്താണ്
പല നിറത്തിലെ പക്ഷികളെ
മുട്ടയിടുന്ന പക്ഷിയേ
എന്തൊരു ചന്തം പക്ഷിക്ക്
എന്തു ഭംഗി പക്ഷികളെ

ബനീഷാ.ഐ
5.B

## ഗാന്ധി ചരിത്രം

### താളം  വഞ്ചിപ്പാട്ട്

ഒരു ദിനം സ്കൂളിൽ മാഷ് പഠിപ്പിച്ച
ക്കാര്യം ഓർക്കുമ്പോൾ ഒരിക്കലും ഇല്ലാത്തൊരഭിമാനം
പഠിപ്പിച്ചതോ നമ്മുടെ അഹിംസ ധീരനായ
ഗാന്ധിജിയെ കുറിച്ചുള്ള താണെന്നുമറിയുക
ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നേടിത്തന്ന ഗാന്ധി -
അറിയപ്പെടുന്നതു മഹാത്മഗാന്ധി എന്ന പേരിൽ
ഭുവിലുള്ള എല്ലാവരും സഹോദരി - സഹോദര -
ന്മാരാണെന്നു പറഞ്ഞൊരു അഹിംസാധീരൻ
സ്വാതന്ത്ര്യത്തിനുവേണ്ടി ആയുധം സ്വീകരിക്കാതെ
അഹിംസവഴി തിരഞ്ഞെടുത്ത ഒരേഒരാൾ
ഹരിചന്ദ്രൻ നാടകം കണ്ടു അടിയോടെ
നുണപ്പറയുന്നതു നിർത്തിയ മഹാൻ അദ്ദേഹമാണ്
എളിമയുള്ള ജീവിതം തിരഞ്ഞെടുത്തയീ
മഹാൻ നമുക്കഭിമാനിക്കാവുന്ന പ്രതിഭതന്നെ
കള്ളവും കാപട്യവും ഇല്ലാത്ത ഒരു ഭാരതത്തെ
സൃഷ്ടിക്കുവാൻ ശ്രമിച്ച ഒരഹിംസാധീരൻ
നമുക്കഭിമാനിക്കാവുന്ന ഒരു ധീരനാണദ്ദേഹമെന്ന
സത്യം എല്ലാരും അറിഞ്ഞുക്കോള്ളൂ
മാഷ് പറഞ്ഞതു കേട്ട് ഞങ്ങളും മനസ്സി
ലാക്കി മഹാത്മഗാന്ധിയുടെ ഗുണമേന്മകൾ

ആദർഷ
9A



# കുഞ്ഞൻ പഠിച്ച പാഠം

ഒരിടത്തൊരിടത്ത് ഒരു പാവം കുഞ്ഞുറുമ്പ് താമസിച്ചിരുന്നു.കുഞ്ഞൻ എന്നായിരുന്നു അവന്റെ പേര്.ഒരു ദിവസം കുഞ്ഞൻ തീറ്റ തേടി നടക്കുകയായിരുന്നു.രാവിലെ മുതൽ നടപ്പ് തുടങ്ങിയതാണ്.ഒന്നും കിട്ടിയില്ല.മണം പിടിച്ച് പലവഴി നടന്നു. കുറെ ദൂരം ചെന്നപ്പോൾ കുഞ്ഞനില്ലാത്ത ക്ഷീണം തോന്നി.അവൻ വഴിയരികിലെ ആൽമരത്തണലിൽ ഇത്തിരി നേരം ഇരുന്നു.ക്ഷീണം മാറിയപ്പോൾ പിന്നെയും നടപ്പു തുടർന്നു.നടന്ന് നടന്ന് ഒടുവിൽ കുഞ്ഞൻ ഒരു വയൽ വരമ്പിലെത്തി. വരമ്പിലൂടെ പോകുമ്പോൾ വഴിയരികിൽ രണ്ട് അരിമണികൾ കിടക്കുന്നത് അവൻ കണ്ടു. ഒന്ന് വലിയ അരിമണി മറ്റൊന്ന് പാതി മുറിഞ്ഞതും ആയിരുന്നു .ഏതെടുക്കണമെന്ന് കുഞ്ഞൻ ആലോചിച്ചു.

വലിയ അരിമണി കൊണ്ടു പോയാൽ കുശാലമായി കഴിയക്കാം. കുഞ്ഞൻ വലിയ അരിമണി കടിച്ച് വലിച്ചുനോക്കി. അത് അനങ്ങിയതേയില്ല.അവൻ സർവശക്തിയുമെടുത്ത് വിണ്ടും വലിച്ചു ഉരുട്ടി നോക്കി അനങ്ങിയില്ല. പക്ഷേ അരിമണി അനങ്ങിയതേയില്ല.വിയർത്ത് കുളിച്ചത് മിച്ചം.'ചുമക്കാനാവുനതേ എടുക്കാവൂ' ഇതെല്ലാം കണ്ട് മരത്തിലിരുന്ന കിച്ചി കാക്ക പറഞ്ഞു.പിന്നെ കുഞ്ഞൻ മറ്റൊന്നുംആലോചിച്ചില്ല.മുറിഞ്ഞ അരിമണി ഒരു പ്രയാസമില്ലാതെഎടുത്ത് തലയിൽ വച്ചു.എന്നിട്ട് ഒറ്റപ്പോക്ക്.

അക്സാ മോൾ.ആർ
6B

## വിദ്യാഭ്യാസം നമ്മുടെ ലക്ഷ്യം



ഒരു വ്യക്തിക്കും നിഷേധിക്കാൻ പാടില്ലാത്ത ഒന്നാണ് വിദ്യാഭ്യാസം.
അതുകൊണ്ടാണ് ഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസ മന്ത്രിയായിരുന്ന അബ്ദുൾ കലാം ആസാദിന്റെ നവംബർ 11-ന് ദേശീയ വിദ്യാഭ്യാസ ദിനമായി നാം ആചരിക്കുന്നത്. എല്ലാ മനുഷ്യ ജീവിതത്തിലെയും അത്യാവശ്യ ഘടകമായ ഈ വിദ്യാഭ്യാസത്തെക്കുറിച്ച് നമുക്ക് നോക്കാം.

ഈ പ്രപഞ്ചത്തിൽ തന്റെ ദൗത്യം വിജയകരമായി നിർവഹിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം . "വിദ്യാധനം സർവ്വധനാൽ പ്രധാനം"എന്നാണല്ലോ. നാം എത്ര ധനം നേടിയാലും വിദ്യാഭ്യാസം ഇല്ലെങ്കിൽ ഒന്നുമല്ല. ഒരുവന്റെ ജീവിതത്തിൽ അത്രയ്ക്ക് പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഈ വിദ്യാഭ്യാസം. ഒരുവന്റെ ബഹുമുഖമായ വികാസത്തെ പരിപൂർണതയിലെത്തിക്കുന്നത് ശരിയായ വിദ്യാഭ്യാസമാണ്.

സ്വാമി വിവേകാനന്ദന്റെ അഭിപ്രായത്തിൽ,വ്യക്തിയിൽ അന്തർലീനമായ പൂർണതയുടെ ബാഹ്യ പ്രകടനമാണ് വിദ്യാഭ്യാസം. വിവേകാനന്ദനെപ്പോലെയുള്ള പല മഹത് വ്യക്തികളും വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നു. മലാല വിദ്യാഭ്യാസത്തെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്,"പുസ്തകവും,പേനയും നമുക്ക് കൈയിലെടുക്കാം അവയാണ് നമ്മുടെ ശക്തമായ ആയുധങ്ങൾ". ഒരു കുട്ടി,ഒരു അധ്യാപകൻ,ഒരു പേന,ഒരു പുസ്തകം ഇവയ്ക്ക് ലോകത്തെ മാറ്റാനാവും.

ഇതിനുള്ള പരിഹാര മാർഗ്ഗമാണ് വിദ്യാഭ്യാസം . ജീവിതത്തിൽ അണഞ്ഞുപോയ പഴയകാല ജീവിതത്തെ വിദ്യാഭ്യാസത്തിലൂടെ തെളിയിക്കാൻ നമുക്ക് കഴിയണം.ജീവിതത്തിൽ വിദ്യാഭ്യാസത്തിന് ഒന്നാം സ്ഥാനം നൽണം.

ആദ്യകാലഘട്ടങ്ങളിൽ അതായത് മധ്യകാല ഇന്ത്യയിൽ സ്ത്രീ വിദ്യാഭ്യാസം എതിർത്തിരുന്നു. എന്നാൽ നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസം എല്ലാവർക്കും ഒരുപോലെ പ്രയോജനപ്പെടുത്താം. വിദ്യാഭ്യാസ കാലഘട്ടത്തിൽ പഠനം നമ്മുടെ ജീവിതത്തിൽ മുന്നിലായിരിക്കണം. വിദ്യാഭ്യാസത്തിലൂടെ നമുക്ക് തിന്മയുടെ ശക്തിക്കെതിരെ പോരാടുവാൻ കഴിയണം.

വർഷങ്ങൾക്കു മുമ്പേ നമ്മുടെ ലോകത്ത് ജീവിച്ചിരുന്ന ചില പ്രധാനപ്പെട്ട വ്യക്തികളുണ്ട്. ഇവർ വിദ്യാഭ്യാസ സാഹചര്യങ്ങളില്ലാതിരുന്ന കാലഘട്ടത്തിലാണ് ജീവിച്ചിരുന്നത്. മരച്ചുവട്ടിലും,ഗ്രാമങ്ങളിലും,തുറസ്സായ സ്ഥലങ്ങളില്ലുമിരുന്നാണ് ഇവർ പഠിച്ച് വളർന്നത്. എന്നാൽ ഇന്ന് സ്കൂളുകളും,കോളേജുകളും ഇങ്ങനെ വിവിധതരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വന്നു. എങ്കിലും നാം വിദ്യാഭ്യാസത്തെ ജീവിതത്തിന്റെ ഭാഗമായി ഉൾക്കൊള്ളുന്നില്ല.

നമുടെ ജീവിതത്തിൽ എന്നും വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ജീവിതം ഉയർച്ച പ്രാപിക്കുവാൻ നമുക്ക് കഴിയണം. വിദ്യാഭ്യാസം എന്ന ആയുധം കൈയിലേന്തി നമുക്ക് ജീവിതത്തിലെ എല്ലാ പ്രയാസ ഘട്ടങ്ങളെയും അതിജീവിക്കാൻ ശ്രമിക്കാം. ദൈവം തന്ന കഴിവ് വിദ്യാഭ്യാസത്തിലൂടെ പ്രയോജനപ്പെടുത്താം.


**ഷാമിനി വൈ**

# If i Can Stop One Heart From Breaking

If i stop one heart from breaking,
I shall not live in vain
If i can ease one life that is aching,
Or cool one pain,
Or help one fainting robin
Unto his nest again,
I shall not live in vain.

Adithya . S.S
6B

## Puzzle



### Right to left

4. ഡിഗ്രി പഠിച്ചിട്ടു വാനോക്കുന്നവൻ. (7)
6. ഏറ്റവും ധനികനായ പക്ഷി. (7)
8. ബഹുമാനം തോന്നിപ്പിക്കുന്ന ടേബിൾ. (11)

### Left to Right

1. ഓടിപ്പോയ രാജ്യം. (6)
7. രണ്ടു 'എസ്സി'ന്റ നടുവിൽ ഒരു മൈലുള്ള ഇംഗ്ലീഷ്
13. ചെണ്ടയുടെ തലസ്ഥാനം. (11)
15. ലോകത്തിലെ ഏറ്റവും വലിയ റോപ്പ്. (6)

### Up to Down

2. കഴിക്കാൻ പറ്റാത്ത ജാം. (10)
5. മീനുകൾക്ക് പേടിയുള്ള ദിവസം. (6)
11. ജനങ്ങളില്ലാത്ത സിറ്റി. (11)
14. പേരിൽ പുതുമയുള്ള ശാസ്ത്രജ്ഞൻ. (6)
10. ഏറ്റവും മണ്ടനായ താക്കോൽ. (6)

### Down to Up

3. നടുവിൽ കുഴിയുള്ള ഗ്രഹം. (7)
12. ഒരിക്കലും അടക്കപ്പെടാത്ത ഗേറ്റ്. (7)

## Puzzle Answer

### Right to Left

4. DENTIST
6. OSTRICH
8. RESPECTABLE

### Left to Right

1. FRANCE
7. SMILES
9. ADDRESS
13. TRIVANDRUM
15. EUROPE

### Up to Down

2. TRAFFIC JAM
5. FRIDAY
11. ELECTRICITY
14. NEWTON
10. DONKEY

### Down to Up

3. JUPITER
12. COLGATE

# VASCO DA GAMA

Although many Europeans had dreams of finding a sea route to India, the first one to do so was a Portuguese sea captain. Portugal was very then to control with the east and Da Gama was sent by King Manuel I of Portugal to find a sea route to India Vasco da gama sailed by Lisbon,Portugal,on July 8,1497,heading to the east. At that time,many people thought Vasco Da Gama's trip would be impossible because it was assumed that the Indian ocean was not connected to any other sea!



Da Gama rounded African's cupe of good hope,and continued on to India. After many stops in Africa , and problems with Arabian traders who did not want interference in their profitable trade routes Da Gama reached Calicut, India on may 20, 1498.At first,Da Gama and his trading were well received but this did not last for long. He left India on august,1498, after he was told to pay a large tax and leave all of his trading goods.

When he left,he took his goods with him ,together with some Indian hostages . When Da Gama reached Lisbon in 1499, he was treated by the king of Portugal, Manuel. The king later sent Da Gama , now an admiral , on another expedition to India. Gama took 20 armed ships on this trip, and killed hundreds of Arabian traders, often brutally , in order to demonstrate his power. After king Manuel's death , King John 111 sent Vascoda Gama died of an illness in India on December 24,1524. His remains were later returned to Portugal for burial.

**NIYA SHEN**
**7 A**

# *J.L BAIRD*

He was born on August 13 ,1888 in Helensburgh of Scotland. He studied in Lomand School,University of Strathdyde.First world war interrupted his studies. He became the superintendent Engineer of Cycle Valley Electrical Power Company.In february, 1924 first transmission of a semi-mechanical analogue television system.In 1927 set up the wired television development company.ctd.from 1929 to 1935 the BBC telecast programmes using the thirty line Baird system.



J.L Baird is the inventor of the television. He died in 1946. He was a scotsman. Baird made it possible to present moving and living pictures of men and events on the screen. His invention is very beautiful.

Anju Rajan
7.A

## THE PLOUGHMAN



These are the hands whose labour brings.
The peasant's food,the golden pomp of kings;
This is a page whose letters shall be seen,
Changed by the sun to words of living green;

This is the scholar whose immortal pen
Spells the first lesson hunger taunger to men;
These are the lines that heaven-commanded toil,
Shows on his died,-The carter of the soil?

Benitta
6 B

# THE ELEPHANT



Five big elephants,
went walking through the woods.
One went to search water,
then there were four

Four big elephants,
went walking through the woods.
One went to search food,
then there were three

Three big elephants,
went walking through the woods.
One went to search shade,
Then there were two

Two big elephants,
went walking through the woods.
One went to search other,
then there were one.

Aditya

## അമ്മമനസ്സ്

അമ്മയുടെ മനസ്സറിഞ്ഞാൽ
ഞങ്ങൾ ആരോടും മിണ്ടാതെ പശ്ചാതപിക്കുംഅതിനുള്ളിൽ ഒളിപ്പിച്ച
രഹസ്യങ്ങൾ
കണ്ടാൽ ആർക്കും ഈണ്ടൽ തോന്നിപ്പോകും
അമ്മയേക്കാൾ വേറെ സത്യമില്ലെന്ന് ഞാൻ
അറിയാൻ വൈകി പോയി
അമ്മമനസ്സിലെ ആശകൊട്ടാരം
കാണാതെപ്പോയത് എന്റെ തെറ്റ്
ആ സത്യവാചകം കേട്ടിരുന്നെങ്കിൽ
ഇന്ന് എന്റെ ഗതി ഇങ്ങനെ ആകുമായിരുന്നോ?
ആ കണ്ണുകളിലൂടെ ഒഴുകിയ സ്വപ്നങ്ങൾ
ആരും അറിഞ്ഞതേയില്ല
അമ്മമനസ്സിലെ ചീട്ട് കൊട്ടാരം തകർന്നടിയുന്നത്
കാണാൻ വയ്യ...........
ആ മനസ്സിൻെ ചെപ്പ്.............ഒരിക്കലെങ്കിലും
പുനർജനിക്കുമോ............?

സേതുലക്ഷ്മി
9A

## പ്രകൃതി സംരക്ഷണം

പ്രകൃതി സംരക്ഷണം നാം ഓരോരുത്തരുടെയും കർത്തവ്യമാണ്.ഭൂമിയും കടലും ബന്ധപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യനും പ്രകൃതിയും ബന്ധപ്പെട്ടിരിക്കുന്നു.മനുഷ്യനില്ലങ്കിൽ പ്രകൃതിയുമില്ല.പ്രകൃതിയില്ലെങ്കിൽ മനുഷ്യനുമില്ല.നാൾക്കുനാൾ പ്രകൃതി നശിച്ചുവരുകയാണ്.ലോകത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണി ഉയർത്തുന്ന അനേകം പ്രശ്നങ്ങളെ നമ്മുടെ ആഗോളസമൂഹം നേരിട്ടുനിനുണ്ട്.

ഇന്നത്തെ തലമുറ പ്രകൃതിയെ നശിപ്പിക്കുകയും ദൂഷണം ചെയ്യുകയുമാണ്.നെൽപ്പാടങ്ങൾ നികത്തി ഫാക്ടറി-കളും വ്യവസായ സ്ഥാപനങ്ങളും ഉയർന്നുവരികയാണ്. ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന ജലാശയങ്ങളെയും പ്രകൃതിയെയും മലിനമാക്കുന്നു. പ്രകൃതിയുടെ നാശം മൂലം ആഗോളതാപനങ്ങളിലും ഓസോൺ പാളിയിലും വിള്ളൽ സംഭവിക്കുന്നു.പ്രകൃതിയിലും നിന്ന് ഒരുപാട് ഗുണങ്ങൾ ലഭിക്കുന്നുണ്ട്. ഭൗതികവും ജീവശാസ്ത്രപരവുമായ വ്യവസ്ഥകളും പ്രകൃതിയുടേയും ശൃംഖലെയാണ് പ്രകൃതി എന്ന് പറയുന്നത്.

പർവ്വതങ്ങളും,നദികളും,സമതലങ്ങളും ,സമുദ്രങ്ങളും പ്രകൃതിയുടെ ഒരു ഭാഗം തന്നെയാണ്.പ്രകൃതി നമുക്ക് തണലും ,ശുദ്ധവായുവും നൽകുന്നു.

ജലമലിനീകരണം ,വനനശീകരണം,ഓസോൺശോഷണം തീരദേശമലിനീകരണം ആഗോളതാപനം എന്നിവയാണ് നമ്മുടെ ലോകം നേരിടുന്ന പ്രശ്നങ്ങൾ.കൃഷിഭൂമിയെ ചൂഷണം ഭക്ഷ്യസുരക്ഷയ്ക്കുത്തന്നെ വലിയ വെല്ലുവിളി ഉയർത്തുകയാണ്.

വനനശീകരണം മൂലം .ഓസോൺ ചൂഷണം മൂലം അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ പ്രവേശിക്കുന്നു. ഇതുകാരണം മനുഷ്യന് ക്യാൻസർ പോലുയുള്ള രോഗങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.ഇനിയുള്ള തലമുറയെങ്കിലും പ്രകൃതിയെ സ്വന്തം എന്നുകരുതി സ്നേഹിക്കണം.

ഗ്രീഷ്മ
8A

# അക്ഷര മരം

അക്കാണ്ട മരമെന്തമ്മേ
അക്ഷരമരമാണ് എൻകുഞ്ഞേ
അക്ഷരമെന്നാ എന്തമ്മേ
അറിവിൻ കനിയുടെ കരുവാണെ
കണ്ണുകൾ നിറയെ കാണുക നീ
ഉള്ളു തുറന്നു രസിക്കുക നീ
കതിരോൻ നിൻ്റെ തുണയ്ക്കുണ്ട്
കുഞ്ഞറ്റകളുടെ കൂട്ടുണ്ട്
കുഞ്ഞലയായി ചെറുകാറ്റുണ്ട്
കൂട്ടും പാട്ടും കൂട്ടുപോരാമോ
കൂട്ടക്ഷരമായി വിരിയുന്നു
പല വിധ ശാഖകൾ നീളുന്നു
പുതുനറുനാമ്പുകൾ നീളുന്നു
ആമരമടിമുടി പൂക്കുന്നു
അക്ഷര വിരുതൻ വിളയാടാം
അമ്മേ ഞാനതു നുള്ളട്ടേ
കുഞ്ഞേ നീയിതു കൊള്ളേണം
അക്ഷരമാല ദരിക്കേണം നീ
അക്ഷര കവചമണിയേണം

അനുശ്രീ
6.B



## കേരള നാട്

കേരളം എന്നൊരു സുന്ദര നാട്
14 ജില്ലകളടങ്ങിയ നാട്
മനുഷ്യർക്ക് അഭിമാനമായൊരു നാട്
ദൈവത്തിന് സ്വന്തം കേരള നാട്



പച്ചപ്പ് കൊണ്ട് നിറഞ്ഞൊരു നാട്
കേരങ്ങളായി നിറഞ്ഞൊരു നാട്
സുഗന്ധദ്രവ്യങ്ങൾ നിറഞ്ഞൊരു നാട്
നമ്മുടെ സ്വന്തം കേരള നാട്

നാടായ നാടൊക്കെ വെള്ളത്തിനടിയിൽപ്രകൃതി
ദുരന്തത്തിൽ മുങ്ങിയ നാട്
ദുരിതവും വേദനയും നിറഞ്ഞൊരു നാട്
ഇന്നത്തെ നമ്മുടെ കേരള നാട

സവൻസ് ക്ലബ് 9A



# താറാവ്



വെള്ളത്തിൽ നീന്തും താറാവേ
പല നിറത്തിലെ താറാവേ
മുട്ടയിടുന്ന താറാവേ
വീട്ടിൽ വളർത്തുന്ന താറാവേ
എന്തു നല്ലൊരു താറാവേ
എന്തു ഭംഗി താറാവേ

ബെനീഷ
5B

## ആട്ടിടയനും ചെന്നായും


ഒരിക്കൽ ആട്ടിടയൻ ആടുകളെ മേയ്ക്കാൻ പോയി.ആ ആട്ടിടയൻ ഒരു കൊമ്പിൽ ഇരുന്നാണ് മേയ്ക്കുന്നത്.ആ ആട്ടിടയൻ ഗ്രാമവാസികളെ പറ്റിക്കാം എന്ന് വിചാരിച്ചു. ആട്ടിടയൻ പറഞ്ഞു:'അയ്യോ.... രക്ഷിക്കണേ'! എന്റെ ആടുകളെ ചെന്നായ വന്നു കൊണ്ടുപോയേ. ഗ്രാമവാസികൾ അവിടെ ഓടിയെത്തി.ഞാൻ ചുമ്മാ കള്ളം പറ്റിച്ചതാ,എന്ന് ആട്ടിടയൻ പറഞ്ഞു. ഗ്രാമവാസികൾ അവിടെ നിന്ന് പോയി.ആട്ടിടയൻ വീണ്ടും അങ്ങനെ പറഞ്ഞു.അപ്പോൾ ഗ്രാമവാസികൾ വന്നു.പിന്നെയും കള്ളം പറ്റിച്ചതാ, എന്നു പറഞ്ഞു.

ഒരിക്കൽ യഥാർത്ഥ ചെന്നായ വന്നു.ആ ആട്ടിടയൻ ഗ്രാമവാസികളെ വിളിച്ചു:'അയ്യോ....രക്ഷിക്കണേ' എന്റെ ആടുകളെ ചെന്നായ വന്നു കൊണ്ടു പോയേ എന്നു വിളിച്ചു പറഞ്ഞു.പക്ഷേ, ഗ്രാമവാസികൾ ആട്ടിടയൻ കള്ളമാണ് പറയുന്നതെന്ന് വിചാരിച്ചു. അവിടെ നിന്ന് ആരും അനങ്ങിയില്ല. അവന്റെ ആടുകളെ ചെന്നായ വന്നു കൊണ്ടു പോയി. വെറുതെ കള്ളം പറയേണ്ടായിരുന്നു. അവന്റെ തെറ്റുകൾ അവൻ മനസ്സിലാക്കി.

അനന്ദു എസ്
6B



# എൻ കുമാരനാശാൻ ( 1873-1924 )



മഹാകാവ്യം എഴുതാതെ മഹാകവിയായ വ്യക്തി. 14ാം വയസ്സിൽ ഗ്രാമീണ വിദ്യാലയത്തിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പിന്നീട് കുറച്ചുകാലം അതേ വിദ്യാലയത്തിൽ തന്നെ അധ്യാപകനായി സേവനമനുഷ്ഠിച്ചു. ജാതിമത വിവേചനങ്ങൾ വളരെ ശക്തമായിരുന്ന കാലം. 1918-ൽ ഭാനുമതി അമ്മയെ വിവാഹം ചെയ്തു. 1907-ൽ ആണ് വീണപ്പൂവ് രചിച്ചത്. നളിനി ലീല,പ്രരോദനം,ചിന്തവിഷ്ടനായ,സീത ദുരസ്ഥ,ചണ്ഡാലഭിക്ഷുകി,കരുണ,ഗ്രാമ വൃക്ഷത്തിലെ കുയിൽ,ശ്രീബുദ്ധ ചരിതം,പുഷ്പവാടി,വനമാല,മണിമാല,വിചിത്രവിജയം,ബാലരാമായണം ഇവയാണ് അദ്ദേഹത്തിൻെറ പ്രധാന കൃതികൾ.

1924 ജനുവരി 16-ാം തീയതി പലതയാറ്റിൽ വച്ചുണ്ടായ പോട്ടപകടത്തിൽ ആശാൻ മരണപ്പെട്ടു.........................

സോന എസ് യു
7A

## വേർപാട്

ഉമ്മറ പടിയിൽ നിന്നന്നു ഞാൻ
വിട വാങ്ങേ കണ്ടു ഞാൻ
നിൻ മാനസത്തിൽ വേദന
വിട ചൊല്ലിനീയകലയോ
എന്നു നീ മടങ്ങിടും
നിന്നുണ്ണിയാമെന്നെ കാണാൻ
നിൻ മടിത്തട്ടിലെന്നാനന്ദം
പങ്കുവയ്ക്കാൻ
ഇന്നും ഞാനോർത്തീടുന്നു
നമ്മുടെ വിട വാങ്ങൽ
കണ്ടു കൊതിതീരാതെ നീ
എന്നെ വിട്ടകന്നതും
കരയ്ക്ക് കടലിനെ പിരിയാൻ
കഴിയാത്തതുപോൽ
എന്നമ്മേ നിന്നുണ്ണിയേ
പിരിയാൻ കഴിയില്ല
ഈ മധുമാസമത്രേം
നിന്നേം കാത്തിരിപ്പൂ ഞാൻ
വന്നണിയില്ലേ നീ എൻ
ജീവന്റെ പുണ്യമേ
ആ മധുമാസം പോയി
കാലങ്ങളേറെയായി
നീ എങ്ങോ മാഞ്ഞുപോയി
അകലും ദൃശ്യം പോലെ

പുസ്തകച്ചുരിളിലെ അക്ഷര-
മാലകളെ കോർത്തു നീ
മാലയാക്കി കഴുത്തിൽ
അണിയിച്ചു
അമ്പിളിയമ്മാവനെകൊണ്ടു
നീ കളിച്ചിരിയുണ്ടാക്കി
ജീവന്റെ അമൃതം പകർന്നതും
മുഞ്ചിൻ കരുക്കിൽ കൊണ്ട
കാലുകളെയന്നു നിൻ
പനിനീർ കരങ്ങളാൽ
തഴുകിയതുമോർക്കുന്നു ഞാൻ
കാലുകളിടറാതെ
കൈകളോവഴുതാതെ
കൺമണിപോലെയെന്നെ
കാത്തതും നിൻ സാന്നിധ്യം
മായില്ല നീയെന്റെ ജീവിത
മാം പാഠശാലയിൽനിന്ന്
മാലോകരെല്ലാരും
മാഞ്ഞുപോയാലും.

സ്നേഹ
9A

# COUNSELLING CLASS CONDUCTED FOR X STD STUDENTS











# കാപ്പുകാടിലെ വിസ്മയകാഴ്ചകൾ










Thank you !!! ...